## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4223

25/06/2018-ൽ മറുപടിയ്ക്ക്

### കൈവല്യ പദ്ധതി

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ:

(എ) കൈവല്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

**മറുപടി**

ശ്രീ. ടി.പി. രാമകൃഷ്ണൻ
(തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി)

(എ) യും (ബി) യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി 01.11.16-ലെ സ.ഉ.(പി) നം.174/2016/തൊഴിൽ പ്രകാരം 'കൈവല്യ' എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4)സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികൾ ഉണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കൈവല്യ പദ്ധതിയുടെ ഘടകപദ്ധതികളായ വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ് പ്രകാരം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽപരമായ മാർഗ്ഗനിർദ്ദേശവും മത്സരപരീക്ഷാ പരിശീലനത്തിലൂടെ ഉദ്യോഗാർത്ഥികളെ വിവിധ മത്സര പരീക്ഷകളിൽ പങ്കെടുത്തു തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. മത്സരപരീക്ഷാ പരിശീലനം

എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് ജോലി ലഭിക്കുന്നത് വരെയുള്ള ഒരു തുടർപരിശീലനമാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ വിവിധ സ്വയം തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതക്കും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിങ്ങും സോഫ്റ്റ് സ്കിൽ ട്രെയിനിങ്ങും മറ്റു പരിശീലനങ്ങളും നൽകി വരുന്നു. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി അൻപത് ശതമാനം [പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ)] സബ്സിഡിയോടു കൂടി 50,000 (അൻപതിനായിരം രൂപ) വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. മാത്രമല്ല, ഭിന്നശേഷിക്കാരുടെ അഭിരുചികൾക്കിണങ്ങും വിധം സ്വയംതൊഴിൽ ആരംഭിക്കുന്നതിലേക്കാവശ്യമായ പരിശീലനവും എംപ്ലോയ്മെന്റ് വകുപ്പ് മുഖേന സൗജന്യമായി നൽകിവരുന്നു. ഈ പദ്ധതിയിൽ ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്. കപ്പാസിറ്റി ബിൽഡിങ്ങിൽ ഉൾപ്പെടുത്തി വിവിധ സ്വയം തൊഴിൽ സംരംഭങ്ങളിൽ (ഉദാ: കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, കാരി ബാഗുകളുടെ നിർമ്മാണം, എൽ.ഇ.ഡി ബൾബുകളുടെ നിർമാണം) പരിശീലനവും നൽകി വരുന്നു. മേൽപരാമർശിച്ച പ്രവർത്തനങ്ങളിലൂടെ ഭിന്നശേഷിക്കാർക്ക് ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ട് വരുന്നതിനും സാധിക്കുന്നു.

| | |
|---|---|
| (സി) 2017-18 ൽ പ്രസ്തുത പദ്ധതി പ്രകാരം എത്ര അംഗപരിമിതർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകിയെന്നും അതിൽ എത്രപേർ മത്സരപരീക്ഷകളിൽ വിജയിച്ചുവെന്നും വെളിപ്പെടുത്തുമോ? | (സി) 2017-18 ൽ പ്രസ്തുത പദ്ധതി പ്രകാരം 183 അംഗപരിമിതർക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുകയും അതിൽ 6 പേർ പി.എസ്.സി നടത്തിയ മത്സരപരീക്ഷയിൽ വിജയിക്കുകയും ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്. 5 പേർ ഷോർട്ട് ലിസ്റ്റ്/റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ